PROCEEDINGS OF

THE KERALA LEGISLATIVE ASSEMBLY

Second Session—1963

(Second Meeting)

Wednesday, the 6th November 1963

Vol. XVII] OFFICIAL REPORT [No. 24

LIBRARY ARCHIVES Kerala Legislative Assembly

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Wednesday, the 6th November 1963 with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the day)

ORAL ANSWERS.

വിമുക്ത ഭടന്മാരുടെ മിലിട്ടറി സർവ്വീസ്

* 830. [1] ശ്രീ. പാറയിൽ ഷംസുദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവണ്മെന്റ് സർവ്വീസിൽ ഉള്ള വിമുക്തഭടന്മാരുടെ മിലിട്ടറി സർവ്വീസിലെ ഓരോ വർഷത്തിനും ഓരോ ഇംക്രിമെന്റ് വീതം നൽകണമെന്ന നിർദ്ദേശിച്ചുകൊണ്ടുള്ള No. 8 (34) Est.III 57 Government of India, Ministry of Finance-ന്റെ 25-11-1958-ലെ ആഫീസ് മെമ്മോറാണ്ടവും കേന്ദ്ര ഡിഫൻസ് മിനിസ്ട്രിയുടെ ആഫീസ് മെമ്മോറാണ്ടം No. 2. 54/58 580/D (Civ-1) dt. 15th July 1960-യും ഈ ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) . സംസ്ഥാനഗവണ്മെന്റ് സർവ്വീസിലുള്ള വിമുക്ത ഭടന്മാർക്കു പ്രസ്തുത ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ഇൻക്രിമെന്റ് നൽകുവാനുള്ള നടപടി എടുക്കുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ. ബി) ഈ ഉത്തരവുകൾ രണ്ടും കേന്ദ്രഗവണ്മെന്റ് ജീവനക്കാരെ മാത്രം ബാധിക്കുന്നതാണ്. ഇതു സ്റ്റേറ്റ് ഗവണ്മെന്റിലെ ജീവനക്കാർക്കുകൂടി ബാധകമാക്കുന്നതിനെപ്പറ്റി ആലോചിച്ചതിൽ അതിനു പല പ്രായോഗിക വിഷമങ്ങളും ഉണ്ട്. അതുകൊണ്ട് മേൽപറഞ്ഞ ഉത്തരവുകളെ സംബന്ധിച്ചേടത്തോളം നടപടിയും എടുക്കേണ്ട എന്നു ഈ ഗവണ്മെന്റ് തീരുമാനിച്ചിരിക്കുന്നു.

ശ്രീ. കെ. ഹസ്സൻ ഗനി : കേന്ദ്രഗവണ്മെൻറു ജീവനക്കാരെമാത്രം ബാധിക്കുന്നതുകൊണ്ടു ഇതു സ്റ്റേറുഗവണ്മെൻറിലെ ജീവനക്കാക്കു കൂടി ബാധകമാക്കുന്നതിനു യാതൊരു വിഷമവും ഇല്ലെന്നാണെനിക്കു തോന്നുന്നതു്. എങ്കിലും അവരുടെ മിലിട്ടറി സർവ്വീസിനെ പരിഗണിച്ചു് ഒരു ഇൻക്രിമെൻറു് എങ്കിലും അനുവദിച്ചുകൊടുക്കാൻ നടപടിയെടുക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഈ വക കാര്യങ്ങളെല്ലാം പരിശോധിച്ചതാണു്. അതിനു ശേഷമായിട്ടു ഈ സ്റ്റേറിൽ രണ്ടു ഇൻറഗ്രേഷൻ നടക്കുകയും പല അഡ്ജസ്റ്റുമെൻറുകളും നടക്കുകയും അതിനുശേഷം പേറിവിഷനുമെല്ലാം നടത്തിക്കഴിഞ്ഞിട്ടുണ്ടു്. ഇനിയും അതു പ്രത്യേകിച്ചു റിവൈസു് ചെയ്യുന്നതിനു പ്രായോഗികബുദ്ധിമുട്ടുകളുണ്ടാകും.

ശ്രീ. എൻ. എസ്സു്. കൃഷ്ണപിള്ള : ഈ സ്റ്റേറിലെ കേന്ദ്രഗവണ്മെൻറു ജീവനക്കാരെക്കൂടി ഇതിൽ ഉൾപ്പെടുത്തുന്നതിനു വേണ്ട നടപടി എടുക്കുമോ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : കേന്ദ്രഗവണ്മെൻറു ജീവനക്കാരെ ഇതിൽ ഉൾപ്പെടുത്തീട്ടുണ്ടു്. സ്റ്റേറുഗവണ്മെൻറു ജീവനക്കാക്കു ഈ ഉത്തരവുകളും ബാധകമല്ലെന്നുള്ളതാണു്.

ശ്രീ. എം. നാരായണക്കുറുപ്പു് : സർ, ഇൻക്രിമെൻറു കൊടുക്കുന്ന കാര്യത്തിൽ പ്രായോഗികവിഷമതകളും ഉണ്ടെന്നു പറഞ്ഞു. അവരുടെ മിലിട്ടറി സർവ്വീസു് സീനിയാറിറ്റിയുടെ കാര്യത്തിൽ പരിഗണിക്കപ്പെടുന്നതാണെന്നു മുമ്പുതന്നെ പറയുകയുണ്ടായി. അതേപ്പറ്റി അവസാനമായ വല്ല തീരുമാനവും എടുത്തിട്ടുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻനായർ : അതും അതുപോലെതന്നെ പെൻഷൻറെ കാര്യത്തിൽ മിലിട്ടറി സർവ്വീസുകൂടി കണക്കാക്കുന്ന കാര്യവും ആലോചനയിൽ ഇരിക്കുകയാണു്.

ശ്രീ. കെ. എം. ജാജ്ജു് : വിമുക്തഭടന്മാർ ഇതുകൊല്ലം മിലിട്ടറി സർവ്വീസിൽ ഇരുന്നു എന്നുള്ള തോതു വച്ചുകൊണ്ടു് നമ്മുടെ സർവ്വീസിൽ ഇരിക്കുന്നവർക്കു കേന്ദ്രഗവണ്മെൻറിൽനിന്നും ഏതെങ്കിലും വിധത്തിലുള്ള ആനുകൂല്യങ്ങളും കൊടുക്കുന്നതിനു ഈ ഗവണ്മെൻറു നടപടികളും എടുക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : പെൻഷനെ സംബന്ധിച്ചിടത്തോളം അങ്ങനെയുള്ളവർക്കു് ആനുകൂല്യം ചെയ്യണമെന്നു ഈ ഗവണ്മെൻറു കേന്ദ്രഗവണ്മെൻറുമായി എഴുത്തുകുത്തിലിരിക്കുകയാണു്.

ടൂറിസത്തിൻറെ വികസനത്തിനുള്ള നടപടി.

* 831. [2] ശ്രീ. ടി. എ. തൊമ്മൻ : താഴെ കാണുന്ന ചോദ്യത്തിനു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ടൂറിസ വികസനാർത്ഥം ഈ ഗവണ്മെൻറു് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടു്?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ) :

ടൂറിസം വികസിപ്പിക്കുന്നതിനു ഗവണ്മെൻറു സ്വീകരിച്ചിട്ടുള്ള നടപടികളിൽ പ്രധാനമായവ താഴെ ചേർക്കുന്നു :

(1) ടൂറിസ്റ്റു സഞ്ചാരികൾക്കു് താമസസൗകര്യം, ക്ഷണസൗകര്യം മുതലായവ ആധുനികരീതിയിൽ ടൂറിസ്റ്റു ഡിപ്പാർട്ടുമെൻറുവക ഹോട്ടലുകളിലും ടൂറിസ്റ്റുബംഗ്ലാവുകളിലും പി. ഡബ്ലിയു. ഡി. റെസ്റ്റുഹൗസുകളിലും ഏർപ്പാടു ചെയ്യുക.

LIBRARY ARCHIVES Kerala Legislative Assembly